**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1979** **09-02-2023 - ൽ മറുപടിയ്ക്ക്**

**വികസന പദ്ധതികൾക്ക് മാനുഷിക മുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ മാനുഷിക മുഖത്തോട് കൂടിയാകണം എന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സർവ്വതല സ്പർശിയായ വികസന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (ബി) | വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ പുനരധിവാസത്തിനും ജീവനോപാധികളുടെ സംരക്ഷണത്തിനും മുന്തിയ പരിഗണന നൽകിയിട്ടുണ്ടോ; | (ബി) | മതിയായ പുന:രധിവാസ സംവിധാനങ്ങൾ ഒരുക്കിയും, ജീവനോപാധികൾക്ക് സുരക്ഷ ഉറപ്പുവരുത്തിയും, കൊടുക്കേണ്ട നഷ്ടപരിഹാര തുക കൃത്യമായി നൽകിയും ആസൂത്രണത്തോടെയാണ് വികസന പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നത്. കൊച്ചി മെട്രോ, വാട്ടർ മെട്രോ, ദേശീയപാത വികസനം എല്ലാം ഇത്തരത്തിൽ തുടർന്നു വരുന്നു. |
| (സി) | സംസ്ഥാനത്തിന്റെ സ്ഥായിയായ സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറപാകുന്ന പശ്ചാത്തലസൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് എല്ലാ മേഖലകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർവതല സ്പർശിയായ സമഗ്ര പരിഷ്കാരങ്ങളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ സർക്കാരിന്റെ വികസനമുദ്രയുടെ ഭാഗമായി എടുത്തു കാട്ടാവുന്നതാണ്. താഴെപ്പറയുന്നവയാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും, നടപ്പാക്കി വരുന്നതുമായ പ്രധാന പദ്ധതികൾ:<br><br>**<u>ഐ.ടി മേഖല:-</u>**<br><br>ഐ.ടി മേഖലയിൽ സ്റ്റാർട്ടപ്പ് മിഷനുകൾക്ക് ഊന്നൽ നൽകി വരുന്നു. എല്ലാ സർക്കാർ ഓഫീസുകളിലും 'ഇ-ഓഫീസ്' സംവിധാനം സാർവത്രികമായി നടപ്പിലാക്കി വരുന്നു. 'എം സേവനം', 'ഇ സേവനം', 'എന്റെ ജില്ല', 'സഞ്ജയ', 'സർപ്പ' തുടങ്ങിയ ആപ്പുകൾ വഴി സേവനങ്ങൾ |

ജനങ്ങളുടെ വിരൽത്തുമ്പിൽ എത്തുന്ന സംവിധാനം നടപ്പിലാക്കി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കിടയറ്റ പ്രവർത്തന മികവ് ഐ.ടി. രംഗത്തെ കുതിച്ചുകയറ്റത്തിന്റെ ഒരു ഉത്തമ ഉദാഹരണമാണ്. 2022 വർഷത്തെ ഡിജിറ്റൽ ഇന്ത്യ നാഷണൽ അവാർഡ് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി കരസ്ഥമാക്കുകയുണ്ടായി.

**ദേശീയപാത വികസനം:-** സംസ്ഥാനത്ത് ദേശീയപാത വികസനം ത്വരിതഗതിയിൽ നടത്തിവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളും, നഷ്ടപരിഹാരം നൽകലും, പാത വികസനവുമെല്ലാം കൃത്യമായും സമയബന്ധിതമായും നടന്നു വരുന്നു.

**തുറമുഖ വികസനം:-** തുറമുഖവികസന രംഗത്തെ ഒരു നാഴികക്കല്ലാണ് വിഴിഞ്ഞം തുറമുഖം പദ്ധതി. കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കൃഷി:-** മേഖലയിലെ ഉത്തേജനത്തിനായി പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കുട്ടനാട് പാക്കേജ്. ഇതിന്റെ മേൽനോട്ടത്തിനായി കുട്ടനാട് ഏകോപന സമിതി രൂപീകരിച്ചു.

**ആരോഗ്യം**:- ആരോഗ്യ മേഖലയിൽ പുതിയ മെഡിക്കൽ കോളേജ ുകൾ നിലവിൽ വന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായും താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായും വികസിപ്പിച്ച് മികച്ച ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ആയുർവേദ മേഖലയുടെ വികസനത്തിനായി ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

**തൊഴിൽ:-** തൊഴിൽ മേഖലയിൽ കുതിച്ചു ചാട്ടത്തിനായി കേരള നോളജ് എക്കണോമി മിഷൻ നടപ്പിലാക്കി വരുന്നു. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക് വർഷത്തിൽ കുറഞ്ഞത് 200 പ്രവർത്തി ദിനങ്ങൾ ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കി പുനരുജ്ജീവനത്തിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

**ടൂറിസം**:- വികസനത്തിന്റെ ഭാഗമായി മൂന്നാർ സുസ്ഥിര വികസന പദ്ധതിക്ക് തുടക്കമായി.

മുഴപ്പിലങ്ങാട് ബീച്ച് വികസനത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>**ശബരിമല:**</u>- ശബരിമല വികസനത്തിനായി മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ശബരിമല ഇടത്താവളം പദ്ധതിക്കും രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

<u>**റെയിൽവേ**</u>:- റെയിൽവേ വികസനത്തിന്റെ ഭാഗമായി കൊച്ചി മെട്രോയുടെ ഫേസ് 1 വിപുലീകരണവും, ഫേസ് 2 വിന്റെ നടപ്പാക്കൽ പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശാസ്ത്രവികസനത്തിനായി സയൻസ് പാർക്കുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചു വരുന്നു.

പിന്നോക്ക ജില്ലാ വികസനത്തിന്റെ ഭാഗമായി ഇടുക്കി, വയനാട്, കാസർകോട് എന്നീ ജില്ലകൾക്കായി പ്രത്യേക വികസന പാക്കേജുകൾ പ്രഖ്യാപിച്ചു കഴിഞ്ഞു.

ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മികച്ച കുതിച്ചു ചാട്ടമാണ് സംസ്ഥാനം കൈവരിച്ചിരിക്കുന്നത്.

സാധാരണ ജനങ്ങൾക്ക് ഇന്റർനെറ്റ് സംവിധാനം വേഗത്തിൽ ലഭ്യമാക്കുന്നതിന് കെ-ഫോൺ പദ്ധതി നടപ്പിലാക്കിവരുന്നു.

സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഊർജ്ജ സംരക്ഷണത്തിനായി നിലാവ് പദ്ധതി നിലവിൽ വന്നു കഴിഞ്ഞു.

സർക്കാർ മേഖലയിൽ വാതിൽ പടി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

അംഗൻവാടികൾ എല്ലാം സ്മാർട്ട് അംഗൻവാടികളായി ഉയർത്തുന്ന പ്രക്രിയയും നടന്നു വരുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 'ടേക്ക് എ ബ്രേക്ക് പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ